(ബി) ഈ പദ്ധതി നടപ്പാക്കുന്നതിന് സാങ്കേതികമോ ഭരണപരമോ ആയ എന്തെങ്കിലും തടസ്സങ്ങളുണ്ടോ ;

(സി) ഉണ്ടെങ്കിൽ എന്താണ് തടസ്സമെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കി ജനങ്ങളുടെ കുടിവെള്ളക്ഷാമത്തിന് പരിഹാരം കാണാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കാഞ്ഞിരപ്പുഴ ഭാഗത്ത് 5.65 ലക്ഷം ലിറ്റർ കപ്പാസിറ്റിയിൽ ഭൂതല സംഭരണിയുടെ പണി തീർത്തിട്ടുണ്ട്. തച്ചംപാറ ഭാഗത്ത് 6.40 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ഉന്നതതല സംഭരണിയുടെ പണി പുരോഗമിച്ചുവരുന്നു. ഈ പമ്പ് ഹൗസിനും ശുദ്ധീകരണശാലയ്ക്കും ഉള്ള സ്ഥലം ലഭിച്ചിട്ടില്ല. കാഞ്ഞിരപ്പുഴ, പഞ്ചായത്തിൽ എ.ആർ.പി. സഹായത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്.

(ബി&സി) ഉണ്ട്. ഈ പദ്ധതിയുടെ പമ്പ് ഹൗസിനും ശുദ്ധീകരണ ശാലയ്ക്കും ഉള്ള സ്ഥലം ഇതുവരെയും ലഭിച്ചിട്ടില്ല.

(ഡി) സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതിയുടെ ബാക്കി നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് 3/2005-ൽ കമ്മീഷൻ ചെയ്യാമെന്നാണ് പ്രതീക്ഷിക്കുന്നത്.

മെഗാവാട്ടർ സപ്ലൈ സ്കീമിന്റെ ചെലവ്

97 (2375) ശ്രീ. വി. സി. കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ അനങ്ങനടി തൃക്കടീരി, ചളവറ എന്നീ പഞ്ചായത്തുകൾക്കുവേണ്ടി ഒരു മെഗാവാട്ടർ സപ്ലൈ സ്കീം രൂപ കല്പന ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര രൂപയുടെ ചെലവാണ് കണക്കാക്കിയിട്ടുള്ളത് ;

(ബി) ഇതിനുവേണ്ടി ഏതെങ്കിലും ധനകാര്യ ഏജൻസിയെ സമീപിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) രൂപകല്പന ചെയ്തിട്ടുണ്ട്. 1100 ലക്ഷം രൂപയുടെ ചെലവാണ് കണക്കാക്കിയിട്ടുള്ളത്.

(ബി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly